പുറത്ത് കറകളഞ്ഞ രാഷ്ട്രീയക്കാരൻ, ഒന്നാന്തരം കള്ളനോട്ടുകാരൻ അകത്ത്

ശരത്‌ലാൽ ചിറ്റടിമംഗലത്ത്

കൊച്ചി: കൊച്ചി: പൊതുസമൂഹത്തിന് മുന്നിൽ കറകളഞ്ഞ രാഷ്ട്രീയ പ്രവർത്തകൻ. വട്ടിപ്പലിശയ്ക്ക് കടം കൊടുത്ത പാവങ്ങൾക്ക് മുന്നിൽ കർക്കശക്കാരൻ. നിനച്ചിരിക്കാത്ത നേരത്ത് കുബേരയിൽ കുടുങ്ങിയപ്പോൾ പുറത്ത് വന്നതാകട്ടെ രാഷ്ട്രീയക്കാരന്റെ നോട്ടടിക്കഥ.

സ്വന്തമായി വീട്ടിനകത്ത് കള്ളനോട്ട് അച്ചടിച്ച് സാധാരണക്കാരെ കബളിപ്പിച്ച ബി.ജെ.പി പ്രാദേശിക നേതാവിന്റെ തട്ടിപ്പ് കഥ ഇങ്ങനെ...

കുടുംബ പശ്ചാത്തലം

തൃശ്ശൂർ ജില്ലയിലെ മതിലകം ശ്രീനാരായണപുരത്ത് സാധാരണ കർഷകന്റെ രണ്ട് ആൺമക്കളിൽ മൂത്തവനാണ് രാഗേഷ് (31). അച്ഛനും അമ്മയ്ക്കും അനുജനോടുമൊപ്പം കുടുംബവീട്ടിൽ തന്നെയാണ് താമസം. കമ്പ്യൂട്ടർ വിദഗ്ധനും ഇക്കണോമിക്സ് ബിരുദധാരിയുമായ രാഗേഷ് നാല് വർഷത്തോളം വിദേശത്ത് സ്വകാര്യ കമ്പനിയിൽ ജോലി ചെയ്തിരുന്നു.

പി.ജി.ഡി.സി.എ. ത്രീഡി എസ്മാക്സ്, വെബ് ഡിസൈനിംഗ്, ഡി.ടി.പി തുടങ്ങിയ ഡിപ്ലോമ കോഴ്സുകളും നേടിയിരുന്നു. ഏഴ് മാസം മുമ്പ് നാട്ടിൽ തിരിച്ചെത്തി. അഞ്ച് മാസത്തോളം കോഴിക്കോട് ബജാജ് ഫിൻ കോർപ്പിൽ ജോലി ചെയ്തിരുന്നു. രണ്ട് മാസമായി ജോലിയില്ലാത്ത അവസ്ഥയിലാണ്.

കമ്പ്യൂട്ടർ വിദഗ്ധനായ രാഗേഷ് വ്യാജ കറൻസി നിർമ്മാണത്തിനുള്ള പേപ്പറും പ്രിന്ററും ഉൾപ്പടെയുള്ള സാമഗ്രികൾ രണ്ടാഴ്ച മുമ്പാണ് വാങ്ങിയിട്ടുള്ളതെന്നാണ് അന്വേഷണ സംഘത്തിന്റെ കണ്ടെത്തൽ. നിർമ്മിച്ചെടുത്ത 2000 ത്തിന്റെ നോട്ടുകളിലൊന്ന് പെട്രോൾ പമ്പിൽ മാറ്റാൻ ശ്രമിച്ചെങ്കിലും പമ്പിലെ ജീവനക്കാരന് സംശയം തോന്നി ഇത് തിരികെ നൽകിയിരുന്നു.

അതേസമയം, അമ്പത് രൂപയുടെ രണ്ട് നോട്ടുകൾ രണ്ട് ലോട്ടറി വിൽപ്പനക്കാർക്ക് നൽകി ലോട്ടറി വാങ്ങിയിട്ടുണ്ട്. കള്ളനോട്ട് നിർമ്മാണത്തിൽ മറ്റാർക്കെങ്കിലും ബന്ധമുണ്ടോ എന്നത് സംബന്ധിച്ചു മറ്റുമുള്ള കൂടുതൽ വിശദാംശങ്ങൾ അറിയാൻ ഇയാളെ കോടതിയിൽ ഹാജരാക്കിയ ശേഷം വീണ്ടും കസ്റ്റഡിയിൽ വാങ്ങുന്നുണ്ടെന്നും ഇയാളെ ഇന്ന് കോടതിയിൽ ഹാജരാക്കുമെന്നും പൊലീസ് പറഞ്ഞു .

കുടുങ്ങിയത് കുബേരയിൽ

ഓപ്പറേഷൻ കുബേരയുടെ ഭാഗമായി തൃശ്ശൂർ ജില്ലയിൽ വ്യാപകമായി നടത്തി വരുന്ന റെയ്ഡിലാണ് കള്ളനോട്ടടിക്കാരൻ രാഗേഷ് കുടുങ്ങിയത്. രാകേഷ് പലിശ ഇടപാട് നടത്തുന്നതായി സൂചനലഭിച്ചതിനെതുടർന്നായിരുന്നുപൊലീസ് റെയ്ഡ്.

കള്ളനോട്ടടിക്കുന്നതിനെ കുറിച്ച് യാതൊരു സൂചനയും പൊലീസിന് ലഭിച്ചിരുന്നില്ല. വ്യാഴാഴ്ച രാവിലെ പത്തോടെ ആരംഭിച്ച റെയ്ഡും അനുബന്ധ നടപടിക്രമങ്ങളും വൈകീട്ട് ആറര വരെ നീണ്ടു.

ഇരുനില വീടിന്റെ മുകളിലെ നിലയിലെ മുറിയിലായിരുന്നു ലാപ്ടോപ്പും സ്കാനറും ആധുനികരീതിയിലുള്ള കളർ പ്രിന്ററും സജ്ജീകരിച്ചിരുന്നത്. രാ

കള്ളനോട്ടടി കേസിൽ അറസ്റ്റിലായ ബി.ജെ.പി പ്രാദേശിക നേതാവ് ഏരാശ്ശേരി രാഗേഷ്

ഗേഷിന്റെ മുകളിലെ മുറിയിലെത്തിയ കുബേര അന്വേഷണ സംഘം അക്ഷരാർത്ഥത്തിൽ ഞെട്ടിത്തരിച്ചു. ആരും റൂമിലേക്ക് കടന്നുവരുമെന്ന് പ്രതീക്ഷിക്കാത്ത നിലയിൽ കള്ളനോട്ടടി സാമഗ്രികളെല്ലാം ആർക്കും കാണാവുന്ന നിലയിലായിരുന്നു പ്രവർത്തിച്ചിരുന്നത്.

ഇയാളുടെ മുറിയിൽ നിന്ന് 1.37 ലക്ഷം രൂപയും വ്യാജ കറൻസികൾ അച്ചടിക്കാൻ ഉപയോഗിക്കുന്ന പുതിയ കളർ പ്രിന്ററും സ്കാനറും കമ്പ്യൂട്ടറും ലാപ്ടോപ്പും എ ഫോർ വലിപ്പത്തിലുള്ള ബോണ്ട് ടൈപ്പ് പേപ്പറുകളും കറൻസി മുറിച്ചെടുക്കാനുള്ള കട്ടറും സ്കെയിലും മഷിയും പൊലീസ് പിടികൂടി.

2000 രൂപയുടെ 50 നോട്ടുകളും, 500, 50 രൂപയുടെ പത്ത് നോട്ടുകളും, 20 രൂപയുടെ 12 നോട്ടുകളുമാണ് പിടിച്ചെടുത്തത്.

രാകേഷിന്റെ പോക്കറ്റിൽ നിന്ന് 2630 രൂപയുടെ കള്ളനോട്ടും പിടിച്ചെടുത്തത്. നിരവധി വ്യാജനോട്ടുകൾ എ ഫോർ പേപ്പറിൽ പ്രിന്റ് ചെയ്ത നിലയിലായിരുന്നു. കുറച്ച നോട്ടുകൾ യഥാർത്ഥ നോട്ടുകൾ പോലെ വെട്ടി അടുക്കിയ നിലയിൽ മേശയിലുമായിരുന്നു.

പണം പലിശയ്ക്ക് നൽകിയതിന് ഈടായിസ്വീകരിച്ചിരുന്ന ചെക്കുകൾ, ബോണ്ട് പേപ്പർ, ലാപ്പ് ടോപ്പ്, നോട്ടുകൾ എന്നിവയും പൊലീസ് കണ്ടെത്തി. കമ്പ്യൂട്ടർ വിദഗ്ധനായ രാകേഷ് ഏതാനും മാസങ്ങളായി കള്ളനോട്ട് അടിച്ചിരുന്നുവെന്നാണ് പൊലീസിന് ലഭിക്കുന്ന വിവരം.

ഇരിങ്ങാലക്കുട എ.എസ്.പി കിരൺ നാരായണന്റെ നിർദ്ദേശപ്രകാരം ഡി.വൈ.എസ്.പി (ഡി.സി.ആർ.ബി) അമ്മിണിക്കുട്ടൻ, വലപ്പാട് സി.ഐ. സി.ആർ. സന്തോഷ്കുമാർ, കൊടുങ്ങല്ലൂർ സി.ഐയുടെ ചാർജ്ജുള്ള ഇരിങ്ങാലക്കുട സി.ഐ, എം.കെ സുരേഷ് കുമാർ, മതിലകം എസ്.ഐ മനു.വി. നായർ എന്നിവരുൾപ്പെട്ട സംഘമാണ് ഇയാളെ അറസ്റ്റ് ചെയ്തത്.

ശ്രീനാരായണപുരത്ത് ബി.ജെ.പിയെ വളർത്തിയ ഏരാശ്ശേരി സഹോദരന്മാർ

തൃശ്ശൂർ ജില്ലയിലെ മതിലകം ശ്രീനാരായണപുരം സി.പി.എമ്മിന്റെ ശക്തികേന്ദ്രമായാണ് അറിയപ്പെടുന്നത്. ഇവിടെ ഭാരതീയ ജനതാ പാർട്ടിക്ക് വേരോട്ടമുണ്ടാക്കിയെടുത്തത് ഏരാശ്ശേരി സഹോദരന്മാരായ രാഗേഷും രാജീവും ആയിരുന്നു.

നാല് വർഷത്തിനിപ്പുറം രാഗേഷ് ഗൾഫിൽ നിന്ന് നാട്ടിലെത്തുമ്പോൾ അനുജൻ കൂടെത്ത ബി.ജെ.പി അനുയായി ആയി മാറിയിരുന്നു. അനുജന് പിന്നാലെ രാഗേഷും ബി.ജെ.പിയുടെ യുവജനസംഘടനകളിൽ പിന്നീട് സജീവമായി. രണ്ടുപേരെയും ബി.ജെ.പിയ്ക്ക് ഇവിടെ ആവശ്യവുമായിരുന്നു.

സി.പി.എമ്മിനോട് മുട്ടിനിന്ന് പ്രദേശത്ത് ബി.ജെ.പിയെ വളർത്താനും ഇരുവർക്കുമായി. അങ്ങനെയാണ് രാഗേഷും രാജീവും പാർട്ടിയുടെ നേതൃസ്ഥാനങ്ങളിലേക്ക് വളർന്നുവന്നത്. ബി.ജെ.പിയുടെ എസ്.എൻ പുരം ബൂത്ത് പ്രസിഡന്റാണ് അറസ്റ്റിലായ ഏരാശ്ശേരി രാഗേഷ്. അനുജൻ ഒ.ബി.സി മോർച്ച കയ്പമംഗലം നിയോജക മണ്ഡലം സെക്രട്ടറിയാണ്. ഇയാൾക്കെതിരെയും മതിലകം പൊലീസ്കേസ്രജിസ്റ്റർ ചെയ്തിട്ടുണ്ട്.

എന്നാൽ ഇയാൾക്ക് കേസിൽ കാര്യമായെന്തെങ്കിലും പങ്കുണ്ടോ എന്നത് സംബന്ധിച്ച് പൊലീസ് യാതൊന്നും വെളിപ്പെടുത്തിയിട്ടില്ല. ബി.ജെ.പി നേതാവിന്റെ വീട്ടിൽ നിന്നും കള്ളനോട്ടും നിർമ്മാണ സാമഗ്രികളും കണ്ടെടുത്തെന്ന് നാട്ടിൽ പാട്ടായതോടെ ഇവിടേക്ക് ജനങ്ങളുടെ കുത്തൊഴുക്കായി.

ദേശീയതയുടെയും മറ്റും പേരിൽ ഊറ്റം കൊള്ളുന്നവർ തന്നെ കള്ളനോട്ടടിയും നിയമവിരുദ്ധ ഇടപാടുകളും നടത്തുന്നതിലെ പരിഹാസം ഇവിടെ തടിച്ചുകൂടിയ നാട്ടുകാർ ആഘോഷമാക്കുകയും ചെയ്തു. രാഗേഷിന് അറസ്റ്റ് ചെയ്യുമ്പോൾ രാജ്യദ്രോഹികളേ എന്ന് ക്കി വിളിച്ചാണ് നാട്ടുകാർ യാത്രയാക്കിയത്.

അമ്പതടിക്കും ലോട്ടറിയെടുക്കും

അഞ്ഞൂറിന്റേയും രണ്ടായിരത്തിന്റേയും വ്യാജൻ അടിക്കുന്ന കൂട്ടത്തിൽ രാഗേഷ് അമ്പതിന്റേയും ഇരുപതിന്റേയും കള്ളനോട്ടുകൾ കൂടി ഇറക്കിയിരുന്നു. ചെറിയ തുകയുടെ കള്ളനോട്ടുകൾ ലോട്ടറിയെടുക്കാനാണ് ഇയാൾ ഉപയോഗിച്ചിരുന്നത്. ഒരു ദിവസം ഇത്തരത്തിൽ നിരവധി ലോട്ടറി വിൽപ്പന തൊഴിലാളികളെ കബളിപ്പിച്ചിരുന്നു.

നോട്ടടിക്കഥ പുറത്തായതോടെയാണ് സമീപ പ്രദേശത്തെ ലോട്ടറി വിൽപ്പനക്കാർക്ക് തങ്ങൾ കബളിപ്പിക്കപ്പെട്ടതായി തിരിച്ചറിഞ്ഞത്.

രാഗേഷ് നൽകിയ നോട്ടുകൾകൊണ്ട് ലോട്ടറി വിൽപ്പനക്കാർക്ക് മറ്റ് ഉപദ്രവങ്ങളൊന്നും ഉണ്ടായിട്ടില്ല. ഇത് സൂചിപ്പിക്കുന്നത് കുറ്റമറ്റ രീതിയിലാണ് രാഗേഷ് നോട്ടുകൾ അച്ചടിച്ചിരുന്നതെന്നാണ്.

സ്ഥലത്തെ പലചരക്ക് വ്യാപാരികളും ചെറുകിട കച്ചവടക്കാരും തങ്ങളും രാഗേഷിന്റെ കബളിപ്പിക്കലിന് ഇരയായിട്ടുണ്ടോ എന്ന ആശങ്കയിലാണ്.

ട്രോളുകാർക്ക് ചാകരയായി നേതാവിന്റെ കള്ളനോട്ടടി

ബി.ജെ.പി നേതാവിന്റെ വീട്ടിൽ നിന്നും കള്ളനോട്ടും ഇതിന്റെ നിർമ്മാണ സാമഗ്രികളും പിടിച്ചെടുത്ത സംഭവം ട്രോളുകാർക്കും ചാകരയായി. പകൽ സമയങ്ങളിൽ കള്ളപ്പണത്തിനെതിരെ പോരാടും നടത്തുന്നവർ നേരം ഇരുട്ടിയാൽ പണി കള്ളനോട്ടടിയാണെന്ന് സമർത്ഥിക്കും വിധത്തിലാണ് ട്രോളുകളിലേറെയും പ്രചരിച്ചത്. കള്ളപ്പണക്കാർക്കെതിരെ ബി.ജെ.പി സംഘടിപ്പിച്ച മേഖലാ ജാഥയുടെ ഫ്ളക്സ് ബോർഡ് കൂടി ചേർത്താണ് ട്രോളുകൾ പ്രചരിച്ചത്.

ശോഭാ സുരേന്ദ്രൻ നയിച്ച ജാഥയുമായി ബന്ധപ്പെട്ട് എസ്. എൻ പുരം മേഖലയിൽ പ്രദർശിപ്പിച്ചിരുന്ന ബോർഡുകളിൽ വ്യാജ കറൻസികളും അവയുടെ നിർമ്മാണ സാമഗ്രികളുമായി അറസ്റ്റിലായ രാഗേഷിന്റെ സഹോദരന്റെ ചിത്രം കൂടി ഉണ്ടായിരുന്നു. ഒ.ബി.സി മോർച്ച മണ്ഡലം സെക്രട്ടറിയായ അനുജൻ അറസ്റ്റ് നടക്കുമ്പോൾ തിരുവനന്തപുരത്തായിരുന്നു. ഇയാൾ ഒളിവിലാണെന്നും സംസ്ഥാനം വിട്ടെന്നും സൂചനകളുണ്ട്.



ഏരാശ്ശേരി രാഗേഷിന്റെ വീട്ടിൽ കണ്ടെത്തിയ കള്ളനോട്ടടി കേന്ദ്രം